# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 89 — 08.03.2012-ൽ മറുപടിക്ക്

## സ്വകാര്യ ചികിത്സാസ്ഥാപനങ്ങളുടെ നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി.അബ്ദുൾ റസാക് :<br>,, എൻ.എ.നെല്ലിക്കുന്ന് :<br>,, മഞ്ഞളാംകുഴി അലി :<br>,, വി.എം.ഉമ്മൻ മാസ്റ്റർ : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ചികിത്സാ സ്ഥാപനങ്ങളുടെ പരിശോധനയ്ക്കും നിയന്ത്രണത്തിനും നിലവിലുള്ള സംവിധാനങ്ങളുടെ വിശദവിവരം വെളിപ്പെടുത്തുമോ ; | (എ) സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയിലേയ്ക്കായി ദി കേരളാ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ, റഗുലേഷൻ, അക്രഡിറ്റേഷൻ) ബിൽ എന്ന പേരിൽ ഒരു ബില്ലിന്റെ കരട് രൂപം പരിശോധിച്ചുവരികയാണ്. ഈ ബിൽ നിലവിൽ വരുകയാണെങ്കിൽ സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പരിശോധനക്കും നിയന്ത്രണത്തിനും സംവിധാനം ഉണ്ടാകുന്നതാണ്. |
| (ബി) പുതിയ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; അതിനുള്ള വ്യവസ്ഥകൾ സംബന്ധിച്ച് വിശദവിവരം നൽകുമോ ; | (ബി) ഇല്ല. |
| (സി) സ്വകാര്യ സ്ഥാപനങ്ങളിലെ വിവിധ വിഭാഗം ജീവനക്കാർക്കുവേണ്ട യോഗ്യതകളും പരിചയവും നിശ്ചയിച്ചുകൊണ്ടുള്ള നിയമവ്യവസ്ഥകൾ നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (സി) നിലവിൽ ഇല്ല. |
| (ഡി) ഇത്തരം സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ പരിശോധിക്കാറുണ്ടോ ; പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകളിന്മേൽ നടപടി സ്വീകരിക്കാറുണ്ടോ ; വിശദവിവരം നൽകുമോ ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ